# പതിനാലാം കേരള നിയമസഭ
# (പതിനൊന്നാം സമ്മേളനം)

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ:1573** **07.06.2018-ൽ മറുപടിയ്ക്ക്**

**മത്സ്യ ഉല്പാദനം**

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.ജോൺ ഫെർണാണ്ടസ്<br>ശ്രീ.കെ.ജെ. മാക്സി<br>ശ്രീ.എം. നൗഷാദ്<br>ശ്രീ.ഡി.കെ. മുരളി | ശ്രീമതി. ജെ. മേഴ്സിക്കുട്ടിഅമ്മ<br>(മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പ് മന്ത്രി): |
| എ) സംസ്ഥാനത്ത് ആഭ്യന്തര മത്സ്യ ഉല്പാദനം വർദ്ധിപ്പിക്കുന്നതിനും കൂട്ടകൃഷി വ്യാപകമാക്കുന്നതിനും പദ്ധതി ആവിഷ്കരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; | എ) ഉണ്ട്. |
| ബി) മത്സ്യക്കുഞ്ഞുങ്ങളുടെ ഉല്പാദനം മെച്ചപ്പെടുത്തുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; വെളിപ്പെടുത്തുമോ ; | ബി) മത്സ്യകുഞ്ഞുങ്ങളുടെ ഉല്പാദനം മെച്ചപ്പെടുത്തുന്നതിനായി താഴെപറയുന്ന നടപടികളാണ് കൈകൊണ്ടിട്ടുള്ളത്.<br>• നിലവിലുള്ള സർക്കാർ ഹാച്ചറികളുടെ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തി, മത്സ്യക്കുഞ്ഞുങ്ങളുടെ ഉല്പാദനം വർദ്ധിപ്പിക്കുക.<br>• പുതിയ മത്സ്യവിത്തുല്പാദന കേന്ദ്രങ്ങൾ സ്ഥാപിക്കുക.<br>• പരമ്പരാഗത കാർപ്പ് മത്സ്യവിത്തുല്പാദന കേന്ദ്രങ്ങളിൽ പുതിയ ഇനം (ഗിഫ്റ്റ്) മത്സ്യങ്ങളുടെയും തദ്ദേശയിനം മത്സ്യങ്ങളുടെയും (മുശി, കൈതക്കോര മുതലായവ) വിത്തുല്പാദനത്തിനുള്ള അടിസ്ഥാന സൗകര്യങ്ങളൊരുക്കുക.<br>• തെരഞ്ഞെടുക്കപ്പെട്ട കർഷകർ വഴി മത്സ്യവിത്ത് പരിപാലന കേന്ദ്രങ്ങൾ സ്ഥാപിക്കുക<br><br>കൂടാതെ ഓരുജല മത്സ്യക്കുഞ്ഞുങ്ങളുടെ വിത്തുൽപ്പാദനത്തിനായി വർക്കല ഓടയത്ത് ഒരു |

മത്സ്യ വിത്തുൽപ്പാദന കേന്ദ്രം സ്ഥാപിക്കുന്നതിനായി 900 ലക്ഷം രൂപയുടെ ഭരണാനുമതി നൽകുകയും പ്രസ്തുത ഹാച്ചറിയുടെ നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുകയും ചെയ്യുന്നു.. ഇതിനു പുറമെ റീസർക്കുലേറ്ററി അക്വാകൾച്ചർ സിസ്റ്റത്തിൽ വളരെയധികം സാധ്യതയുള്ള ഗിഫ്റ്റ് തിലാപ്പിയയുടെ ഹാച്ചറി/ റിയിറിംഗ് ഫാമുകൾ തിരുവനന്തപുരം ജില്ലയിലെ നെയ്യാറിലും പത്തനംതിട്ട ജില്ലയിലെ പന്നിവേലിച്ചിറയിലും സ്ഥാപിക്കുന്നതിനുള്ള പ്രവർത്തനം പുരോഗമിച്ചു വരുന്നു.

തിരുവനന്തപുരം, നെയ്യാർ ദേശീയമത്സ്യ വിത്തുല്പാദന കേന്ദ്രം, തൃശ്ശൂർ പീച്ചി മത്സ്യവിത്തുല്പാദന കേന്ദ്രം എന്നിവയുടെ മൂന്നാംഘട്ട വികസന പ്രവർത്തനങ്ങൾക്കായി 1000 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. ആയതിന്റെ നിർമ്മാണ പ്രവർത്തനങ്ങൾക്കുള്ള പ്രാരംഭ നടപടികൾ സ്വീകരിച്ചു വരുന്നു. കൂടാതെ കടൽ മത്സ്യകുഞ്ഞുങ്ങളുടെ ഉൽപാദനത്തിനായി ഒരു ഹാച്ചറി വിഴിഞ്ഞത്ത് സ്ഥാപിക്കുന്നതിനായി പദ്ധതി തയ്യാറാക്കി കേന്ദ്രസർക്കാരിന് സമർപ്പിച്ചിട്ടുണ്ട്.

| | |
|---|---|
| സി) സംസ്ഥാനത്തെ ജലസമൃദ്ധമായ പാറമടകൾ, റിസർവോയറുകൾ തുടങ്ങിയവയിലെ മത്സ്യകൃഷിയുടെ സാധ്യതകൾ പ്രയോജനപ്പെടുത്താൻ എന്തെല്ലാം നടപടികൾ സ്വീകരിക്കാനുദ്ദേശിക്കുന്നു; വ്യക്തമാക്കാമോ; | സി) സംസ്ഥാനത്തെ റിസർവോയറുകളിൽ 1000 ഹെക്ടറിൽ കുറവ് ജലവിസ്തൃതിയുള്ള 2130 ഹെക്ടർ റിസർവോയർ പ്രദേശത്തും 1000 ഹെക്ടറിൽ കൂടുതൽ വിസ്തൃതിയുള്ള 10000 ഹെക്ടർ റിസർവോയറുകളിലും ശുദ്ധജല മത്സ്യകൃഷി ഏർപ്പെടുത്തുന്നതിനായി 2018-19 വർഷത്തെ സംസ്ഥാന ബഡ്ജറ്റിൽ ഉൾപ്പെടുത്തി 285.20 ലക്ഷം രൂപ അനുവദിച്ച് പദ്ധതി പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. സംസ്ഥാനത്തെ പാറമടകളിലെ മത്സ്യകൃഷി സാദ്ധ്യതകൾ പ്രയോജനപ്പെടുത്തുന്നതിനായി ആർ.കെ.വി.വൈ പദ്ധതിയിൽ ഉൾപ്പെടുത്തി ശുദ്ധ ജലമത്സ്യങ്ങളുടെ കൂടുകൃഷി എന്ന പദ്ധതി അംഗീകാരത്തിനായി കേന്ദ്രസർക്കാരിൽ സമർപ്പിച്ചിട്ടുണ്ട്. കൂടാതെ ഇത്തരം പാറമടകളുടെ സാദ്ധ്യതകൾ പ്രയോജനപ്പെടുത്തി അലങ്കാര മത്സ്യകൃഷി വികസിപ്പിക്കുന്നതിനായി കൂടുകളിലെ അലങ്കാര മത്സ്യകൃഷി എന്ന പദ്ധതി ജനകീയമത്സ്യകൃഷി രണ്ടാംഘട്ടം പദ്ധതിയുടെ 2018-19 വർഷത്തിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. |

| | |
|---|---|
| ഡി) ഉൾനാടൻ മത്സ്യകൃഷി ഊർജ്ജിതമാക്കാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ? | ഡി) ഉൾനാടൻ മത്സ്യകൃഷി ഊർജ്ജിതമാക്കുന്നതിനായി 2017-18 സാമ്പത്തിക വർഷത്തിൽ 23.38 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയ ജനകീയ മത്സ്യകൃഷി രണ്ടാംഘട്ടം പദ്ധതിയുടെയും, ബ്ലൂ റവല്യൂഷൻ പദ്ധതിയിൽ ഉൾപ്പെടുത്തി കേന്ദ്ര സർക്കാരിന്റെ സഹായം ലഭ്യമായ വിവിധ മത്സ്യകൃഷി പദ്ധതികളുടെയും പ്രവർത്തനങ്ങൾ പുരോഗമിച്ച് വരുന്നു.<br><br>2018-19 സാമ്പത്തിക വർഷം ഉൾനാടൻ മത്സ്യകൃഷി ഊർജ്ജിതമാക്കുന്നതിനായി 48 കോടി രൂപയുടെ ഭരണാനുമതി നൽകി പദ്ധതി പ്രവർത്തനങ്ങൾ നടപ്പിലാക്കി വരുന്നു. ബ്ലൂറവല്യൂഷൻ പദ്ധതിയിൽ ഉൾപ്പെടുത്തി വിവിധ മത്സ്യകൃഷി പ്രവർത്തനങ്ങൾക്കായി 3691.51 ലക്ഷം രൂപയുടെ ഭരണാനുമതി ലഭ്യമാകുന്നതിനായി പദ്ധതി കേന്ദ്ര സർക്കാരിന് സമർപ്പിച്ചിട്ടുണ്ട്. കൂടാതെ ആർ.കെ.വി.വൈ പദ്ധതിയിൽ ഉൾപ്പെടുത്തി കാർപ്പ് കൃഷി, ചെമ്മീൻ കൃഷി, ശുദ്ധ ജലാശയങ്ങളിലെ കൂട് കൃഷി എന്നീ പദ്ധതികൾക്കായി 2400 ലക്ഷം രൂപ അടങ്കൽ വരുന്ന പദ്ധതിയും കേന്ദ്രാനുമതിയ്ക്കായി സമർപ്പിച്ചിട്ടുണ്ട്. |

**സെക്ഷൻ ആഫീസർ**